(സി) 2004-2005-ൽ സംസ്ഥാനത്ത് എത്ര ഭ്രൂണഹത്യകൾ നടന്നു; അതിൽ പെൺഭ്രൂണങ്ങൾ എത്രയുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2004-2005-ൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകളിലുമായി ആകെ 642080 പ്രസവങ്ങൾ നടന്നു. ഇതിൽ 313872 പേർ പെൺകുട്ടികളായിരുന്നു.

(ബി) ഉണ്ട്. ഇതിനുള്ള കാരണം വിശകലനത്തിന് വിധേയമാക്കിയിട്ടില്ല.

(സി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ 2949-ഉം മറ്റ് സർക്കാർ ആശുപത്രികളിൽ 27918 ഭ്രൂണഹത്യകളും നടന്നു. ലിംഗ നിർണ്ണയം ഭ്രൂണാവസ്ഥയിൽ നടത്തുന്നത് കുറ്റകരമായതിനാൽ ലിംഗ വ്യത്യാസം അനുസരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

ഫാർമക്കോളജി വിഭാഗം ആരംഭിക്കുവാൻ നടപടി

171 [1773] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജിയിൽ ഒരു ഫാർമക്കോളജി വിഭാഗം ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും എന്തൊക്കെ, നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത ആവശ്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടിന് കേന്ദ്ര ഫണ്ടിൽ നിന്നും ലഭിച്ച 3 കോടി രൂപ ആശുപത്രി നവീകരണത്തിനായി പഴയ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനും, ഇലക്ട്രിക് പണി, സാനിറ്ററി പണി, ഓപ്പറേഷൻ തീയേറ്റർ എന്നിവ നന്നാക്കുന്നതിനും ആധുനിക യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനുമായി ഉപയോഗിച്ചു. 2005-06 വർഷത്തിലെ വികസന പ്രവർത്തനം ആധുനീകരിക്കുന്നതിനായി 20 കോടി രൂപയുടെ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly